പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1512 15.06.2012 ൽ മറുപടിയ്ക്ക്

## വയോജനങ്ങൾക്ക് വേണ്ടി പ്രത്യേക വേദി

ചോദ്യം

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ

ഉത്തരം

ഡോ. എം.കെ. മുനീർ

പഞ്ചായത്തും സാമൂഹ്യക്ഷേമവും

വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | വയോജനങ്ങളുടെ സംരക്ഷണവും, ക്ഷേമവും ലക്ഷ്യമാക്കി പ്രത്യേക വേദി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) | സംസ്ഥാനത്തെ വയോജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതി രൂപവൽക്കരിക്കുന്നതിനായി സംസ്ഥാന വയോജന നയം നിലവിലുണ്ട്. വയോജന നയത്തിൽ വയോജനങ്ങൾക്ക് തങ്ങളുടെ ആശങ്കയും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും അവർക്കു വേണ്ടി സർക്കാർ സമർപ്പിക്കുന്ന പദ്ധതികൾ വിലയിരുത്തി പ്രതികരിക്കുന്നതിനും ബന്ധപ്പെട്ട ഒരു വയോജന വേദി ഉണ്ടായിരിക്കുന്നത് അഭിലഷണീയമാണ് എന്ന് പരാമർശിക്കുന്നുണ്ട്. സംസ്ഥാനത്ത് ഇത്തരത്തിൽ വയോജന വേദി നടപ്പിലാക്കിയിട്ടില്ല. കൂടാതെ, ഓർഫനേജ് കൺട്രോൾ ബോർഡ് മാതൃകയിൽ ഒരു വയോജന ക്ഷേമ ബോർഡ് രൂപീകരിക്കാനുള്ള നിർദ്ദേശം നിലവിലുണ്ട്. |
| ബി) | എങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ? | ബി) | വയോജന നയം പരിഷ്കരിക്കുന്ന മുറയ്ക്ക് വയോജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി പ്രത്യേക വേദി/ബോർഡ് രൂപീകരിക്കുന്നതിനുള്ള ചർച്ചകളും യോഗങ്ങളും നടന്നു വരികയാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ